**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 937 — 11.06.2014 ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ പരിശീലന പരിപാടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി ബാലകൃഷ്ണൻ<br>ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നോക്ക വിഭാഗക്കാരായ യുവതീ യുവാക്കൾക്ക് സർക്കാർ സർവ്വീസിലും ബാങ്കിംഗ് മേഖലയിലും സ്വകാര്യ മേഖലയിലും തൊഴിലസവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്ത മാക്കുമോ ; | (എ) | പിന്നോക്ക സമുദായ വികസന വകുപ്പ് ഇതിനായി എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പേരിൽ പദ്ധതി തുടങ്ങിക്കഴിഞ്ഞു. ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനം, പി.എസ്.സി/ബാങ്ക് കോച്ചിംഗ് പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | പിന്നോക്ക സമുദായങ്ങൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും ബാങ്കിംഗ് മേഖലയിലും സിവിൽ സർവ്വീസിലും മറ്റ് കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസുകളിലും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി, ബന്ധപ്പെട്ട മത്സര പരീക്ഷകൾക്ക് പ്രാപ്ത മാക്കുകയാണ് ലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ? | (സി) | ഡയറക്ടറേറ്റ് നടത്തുന്ന പരിശീലന പദ്ധതിയിൽ നല്ല സേവന പാരമ്പര്യമുള്ള പരിശീലന സ്ഥാപനങ്ങളും ബാങ്കുകളും സഹകരിക്കുന്നു. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി ദേശീയ പിന്നോക്ക വിഭാഗ ധന വികസന കോർപ്പറേഷന്റെയും സർക്കാർ സഹകരണത്തോടെയുമാണ് നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിക്കായി സംസ്ഥാന വ്യാപകമായി പ്രചാരമുള്ള ദിന പത്രങ്ങളിൽ പരസ്യം നൽകി online അപേക്ഷ സ്വീകരിച്ച് കുറഞ്ഞ വരുമാനത്തിന്റെയും കൂടിയ മാർക്കിന്റെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം Net Banking മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നു.<br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ 2014-15 വാർഷിക ബഡ്ജറ്റിൽ തൊഴിലധിഷ്ഠിത പരിശീലനത്തിന് 20 ലക്ഷം രൂപയും PSC/Banking പരിശീലനത്തിന് 40 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**